DESPATCHED
On..29/06/2020

04/03/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
**Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920**
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.2213(4)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.14453/SIC-Gen 2/2016**

**സന്നിഹിതൻ**

**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ബെന്നി പി.എ.,
സെക്രട്ടറി,
കേരള ഗവൺമെന്റ് പ്രസ്സ് വർക്കേഴ്സ് യൂണിയൻ,
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, അച്ചടി വകുപ്പ്,
തിരുവനന്തപുരം – 695 001.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സീനിയർ സൂപ്രണ്ട്,
   അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
   ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, അച്ചടി വകുപ്പ്,
   തിരുവനന്തപുരം – 695 001.

2. അപ്പീലധികാരി & കൺട്രോളർ ഓഫ് ഫോംസ്,
   അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
   ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, അച്ചടി വകുപ്പ്,
   തിരുവനന്തപുരം – 695 001.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 06.08.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 29.08.2016 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 05.09.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 19.10.2016 |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | 19.11.2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 21.11.2016 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ, ബെന്നി M.D., അസിസ്റ്റന്റ് ഫോർമാൻ, ജയിൽ പ്രസ് 02.06.16ന് സമർപ്പിച്ച സ്ഥലം മാറ്റത്തിനുള്ള അപേക്ഷ പ്രകാരം സ്ഥലം മാറ്റം നൽകിയത് 29.07.16ലാണെന്നും, ഇങ്ങനെ വൈകിയതിന്റെ കാരണം എന്തെന്നും ചോദിച്ചാണ് വിവരാവകാശ അപേക്ഷ നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷന്റെ നിർദ്ദേശപ്രകാരം രണ്ടാം എതിർകക്ഷി 05.01.17ൽ കമ്മീഷന് റിപ്പോർട്ട് നൽകി. എന്തുകൊണ്ട് എന്നത് വിവരാവകാശ നിയമ

ത്തിന്റെ പരിധിയിൽ വരാത്തതുകൊണ്ടാണ് അപ്പീൽ ഹർജിക്കാരന്റെ ചോദ്യത്തിന് മറുപടി നൽകാതിരുന്നതെന്ന് റിപ്പോർട്ടിൽ പറഞ്ഞു.

3. ഇതിനുശേഷം 19.06.19ൽ കമ്മീഷൻ തിരുവനന്തപുരത്തെ ആസ്ഥാനത്ത് ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരനും, ഒന്നാം എതിർകക്ഷിയും ഹാജരായി.

4. സ്ഥലം മാറ്റം വൈകിച്ചതിന്റെ കാരണം ബന്ധപ്പെട്ട ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും, ഫയലിലുള്ള വിവരമായതുകൊണ്ട്, അത് ലഭിക്കാൻ അർഹതയുണ്ടെന്നും അപ്പീൽ ഹർജിക്കാരൻ മൊഴി നൽകി.

5. ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്കായി കമ്മീഷൻ മുമ്പാകെ 26.06.19ൽ നേരിട്ട് ഒന്നാം എതിർകക്ഷി ഹാജരാകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. ഇതനുസരിച്ച് ഒന്നാം എതിർകക്ഷി ഫയലുമായി 26.06.19ന് കമ്മീഷൻ മുമ്പാകെ ഹാജരായി. അപ്പീൽ ഹർജിക്കാരനും അതേ സമയം ഹാജരായി. കമ്മീഷൻ ഫയൽ പരിശോധിച്ചു. സ്ഥലം മാറ്റം വൈകിച്ചതിന്റെ കാരണം ഫയലിൽ പറയുന്നുണ്ടെന്ന് കമ്മീഷന് ബോധ്യപ്പെട്ടു. ഇക്കാര്യം അപ്പീൽ ഹർജിക്കാരനും ബോധ്യമായി. എന്നാൽ ടിയാന്റെ വിവരാവകാശ അപേക്ഷയിൽ കാരണം എന്തെന്നല്ലാതെ അതിന്റെ രേഖ ചോദിച്ചിട്ടില്ല. അതുകൊണ്ട് രേഖ നൽകാൻ നിർദ്ദേശിക്കാൻ കമ്മീഷനു കഴിയില്ല.

6. ഏതായാലും കാര്യം അപ്പീൽ ഹർജിക്കാരന് ബോധ്യപ്പെട്ടു എന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം, 2020 മാർച്ച് മാസം 4-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

ഉ്ര.

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM